**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **20-01-2021 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഇ. എസ്. ബിജിമോൾ,<br>ശ്രീ. കെ. രാജൻ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ** | | **Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | സർക്കാർ നെല്ല് സംഭരണം നടത്തുന്നതെങ്ങനെയെന്നും ആയതിന്റെ വിവിധ ഘട്ടങ്ങളും വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതിയുടെ, സംസ്ഥാന സർക്കാരിന്റെ നടത്തിപ്പ് ഏജൻസി ആയാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) പ്രവർത്തിക്കുന്നത്. നെല്ല് വിതയ്ക്കുന്ന കാലയളവിൽ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യുന്ന സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല്, സപ്ലൈകോ ഏറ്റെടുത്ത് അതിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് നവീന സംസ്കരണ ശാലകളിൽ ഇരുപ്പുഴക്കൻ രീതിയിൽ കുത്തി അരിയാക്കിയശേഷം പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നു. |
| (ബി) | നെല്ലിന്റെ സംഭരണവില നിശ്ചയിക്കുന്ന രീതിയും ഈ വർഷത്തെ സംഭരണ വില സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന താങ്ങുവിലയോടൊപ്പം സംസ്ഥാനവിഹിതമായ സംസ്ഥാന പ്രോത്സാഹന ബോണസും കൂടി ചേർത്താണ് നെല്ലിന്റെ സംഭരണ വില സംസ്ഥാന സർക്കാർ നിശ്ചയിക്കുന്നത്. ഈ വർഷത്തെ സംഭരണ വില കിലോ ഗ്രാമിന് 27.48 രൂപയാണ്. ഇതിൽ 18.68 രൂപ കേന്ദ്ര സർക്കാരിന്റെ അടിസ്ഥാന താങ്ങുവിലയും 8.80 രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. |
| (സി) | ഈ സീസണിൽ ഒന്നാം വിള നെല്ലിന്റെ സംഭരണ വില കർഷകർക്ക് ലഭ്യമാക്കുന്നതിന് ഏതൊക്കെ ബാങ്കുകളുമായാണ് കരാർ ഒപ്പിട്ടതെന്നറിയിക്കുമോ; | (സി) | നിലവിൽ സംഭരണം നടക്കുന്ന 2020-21 സീസണിൽ കർഷകർക്ക് സംഭരണ വില ലഭ്യമാക്കുന്നതിനായി സപ്ലൈകോ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 7 ബാങ്കുകളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. ബാങ്കുകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ഫെഡറൽ ബാങ്ക് 2. എസ്.ബി.ഐ 3. കേരള ബാങ്ക് 4. കാനറ ബാങ്ക് 5. ബാങ്ക് ഓഫ് ബറോഡ 6. ബാങ്ക് ഓഫ് ഇന്ത്യ 7. കേരള ഗ്രാമീൺ ബാങ്ക് |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര സർക്കാരിൽ നിന്ന് നെല്ലിന്റെ താങ്ങുവില യഥാസമയം ലഭ്യമാകാത്തത് കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | സംഭരിച്ച നെല്ല് അരിയാക്കി വിതരണം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കേന്ദ്ര സർക്കാർ അടിസ്ഥാന താങ്ങുവില നൽകുന്നത്. ആയത് സംഭരിച്ച നെല്ലിന്റെ അടിസ്ഥാന താങ്ങുവില ലഭിക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്നുണ്ട്. എന്നാൽ ഇതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പി.ആർ.എസ് വായ്പ പദ്ധതി (കൈപ്പറ്റ് രസീത് ബാങ്കിൽ നൽകി ബാങ്കുകൾ കർഷകർക്ക് സംഭരണവില നൽകുന്ന പദ്ധതി) നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) | 2019-20 സീസണിലെ നെല്ല് സംഭരണത്തിന്റെ മുഴുവൻ തുകയും കർഷകർക്ക് നല്കിക്കഴിഞ്ഞോ; വ്യക്തമാക്കുമോ? | (ഇ) | 2019-20 സീസണിലെ നെല്ല് സംഭരണത്തിന്റെ മുഴുവൻ തുകയും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ